**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3188** **07-10-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പ് മുഖേന ഏതെല്ലാം പ്രവൃത്തികളാണ് വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിവരുന്നതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിലെ പ്രവ്യത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ നടപ്പിലാക്കാൻ കഴിയാത്ത പ്രവൃത്തികൾ പ്രസ്തുത മണ്ഡലത്തിലുണ്ടോ; എങ്കിൽ നടപ്പാക്കാൻ കാലതാമസം നേരിടുന്നതിന്റെ വിശദാംശം നൽകാമോ? | (ബി) | വാമനപുരം നിയോജക മണ്ഡലത്തിലെ പ്രവ്യത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി / കാലതാമസം നേരിടുന്നതിന്റെ കാരണം |
|---|---|---|---|
| 1. | 2024-25 ബഡ്ജറ്റ് വർക്ക് - പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണം | 50 | ടി പ്രവൃത്തിയ്ക്ക് 02.05.2025 ന് കരാറിൽ ഏർപ്പെട്ട് 07.05.2025 ന് കരാറുകാരന് സൈറ്റ് കൈമാറി നൽകിയെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നിരവധി കത്തുകൾ കരാറുകാരന് നൽകിയതിന്റെ അടിസ്ഥാനത്തിൽ 20.09.2025 ന് പ്രവൃത്തി ആരംഭിക്കാമെന്ന് കത്ത് മുഖേന കരാറുകാരൻ അറിയിച്ചിരുന്നുവെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഉടൻ തന്നെ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 2. | നെല്ലനാട് ഗ്രാമപഞ്ചായത്തിലെ ആലന്തറ നാചറൽ നീന്തൽക്കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി | 100 | 31.07.2025 ൽ പ്രവൃത്തി പൂർത്തിയായി |
| 3. | പാങ്ങോട് ഗ്രാമപഞ്ചായത്തിലെ ഭരതന്നൂർ സ്റ്റേഡിയം നവീകരണം / പുനരുദ്ധാരണം | 100 | പ്രവൃത്തി 85% പൂർത്തിയായി. മഡ് മൾട്ടി കോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടർച്ചയായ മഴയെ തുടർന്ന് ഗ്രൗണ്ടിന്റെ നിർമ്മാണം തടസ്സപ്പെടുന്നുണ്ട്. ഇലക്ട്രിഫിക്കേഷൻ, ഫിനിഷിംഗ് പ്രവൃത്തികൾ കൂടി പൂർത്തിയാക്കുവാനുണ്ട്. 2025 ഡിസംബർ മാസം അവസാനത്തോടെ പൂർത്തിയാക്കുന്നതാണ്. |

| | | | |
|---|---|---|---|
| 4. | പനവൂർ ഗ്രാമപഞ്ചായത്തിലെ വെള്ളാഞ്ചിറ സ്റ്റേഡിയം നവീകരണം | 50 | പ്രവൃത്തി 20% പൂർത്തിയായി. ടോയ്‌ലറ്റ് കം ഓഫീസ് ബ്ലോക്കിന്റെ നിർമ്മാണം 15% പൂർത്തിയായിട്ടുണ്ട്. ഗ്രൗണ്ട് ഡെവലപ്മെന്റ് വർക്ക് 75% പൂർത്തിയായിട്ടുണ്ട്. ഡ്രെയിനേജ് നിർമ്മാണം, ഫെൻസിംഗ്, പ്ലംബിംഗ്, ടോയ്‌ലറ്റ് ഫിറ്റിംഗ്സ്, ടൈലിംഗ്, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്. ഗ്രൗണ്ടിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഡ്രെയിനേജ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. 2025 ഡിസംബർ മാസം അവസാനത്തോടെ പൂർത്തിയാക്കുന്നതാണ്. |
| 5. | കളമച്ചൽ നാചറൽ നീന്തൽ കുളത്തിന്റെ നവീകരണം | 50 | പ്രവൃത്തിയുടെ ടെണ്ടർ ലഭ്യമായ L1 ബിഡ്ഡറുമായി കേസ് നിലനിൽക്കുന്നതിനാൽ കേസിന്റെ വിധി വന്നാൽ മാത്രമേ തുടർ നടപടികൾസ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| 6. | കല്ലറ ഗ്രാമപഞ്ചായത്തിലെ താന്നിയം സ്റ്റേഡിയം നവീകരണ പ്രവൃത്തി (ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി) | 100 | പ്രവൃത്തി 85% പൂർത്തിയായി. തുടർച്ചയായ മഴയും, ഗ്രൗണ്ട് നിർമ്മാണത്തിനായുള്ള മണ്ണിന്റെ അപര്യാതതയും കരാറുകാരന്റെ ഭാഗത്തുനിന്നും സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ കാലതാമസം വന്നതും പ്രവൃത്തിയുടെ പുരോഗതിയെ സാരമായി ബാധിച്ചിരുന്നു. ടോയ്‌ലറ്റ് കം ഓഫീസ് ബ്ലോക്കിന്റെ ബ്ലോക്കിന്റെ നിർമ്മാണം 90%പൂർത്തിയായിട്ടുണ്ട്. മഡ് മൾട്ടി കോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇലക്ട്രിഫിക്കേഷൻ, ഫിനിഷിംഗ് പ്രവൃത്തികൾ ആരംഭിക്കുവാനുണ്ട്. 2025 നവംബർ മാസം അവസാനത്തോടെ പൂർത്തിയാക്കുന്നതാണ്. |